നാട്ടുകാര്യം

www.keralakaumudi.com www.facebook.com/keralakaumudidaily

ഒറ്റപ്പാലം മണ്ഡലത്തിൽ യു.ഡി.എഫ് വോട്ട് ചോർന്നുവെന്ന് പി.കെ.ശശി

പാലക്കാട്: ഒറ്റപ്പാലത്തെ പരാജയത്തിന്റെ കാരണം യു.ഡി.എഫ് വോട്ട് കുറഞ്ഞതെന്ന് സ്ഥാനാർത്ഥി പി.കെ.ശശി. ഇതേപ്പറ്റി കോൺഗ്രസും മുസ്ലീംലീഗും പരിശോധിക്കണമെന്നും ശശി വാർത്താസമ്മേളനത്തിൽ പറഞ്ഞു. 4000 വോട്ടിന് ജയിക്കുമെന്നാണ് കണക്കാക്കിയത്.

പക്ഷേ, യു.ഡി.എഫിന്റെ 11,122 വോട്ട് കുറഞ്ഞു. സി.പി.എമ്മിന് 2021 നേക്കാൾ 503 വോട്ടാണ് കൂടിയത്. ബി.ജെ.പി വോട്ടിൽ വൻ വർദ്ധനവുണ്ടായി. കൈപ്പത്തി ചിഹ്നം ഇല്ലാത്തത് പ്രശ്നമല്ലെന്നും ജനങ്ങൾ അത്ര വിവരമില്ലാത്തവരല്ലെന്നും ശശി പറഞ്ഞു. യു.ഡി.എഫ് വോട്ട് കുറഞ്ഞതിനെപറ്റി ഗൗരവമായി പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ടി യു.ഡി.എഫിന്റെ ഭാഗമായി തുടരുമെന്നും ശശി പറഞ്ഞു. പുതിയ വോട്ടർമാർ വന്നിട്ടും ജില്ലയിലാകെ സി.പി.എമ്മിന് 78,499 വോട്ട് കുറഞ്ഞു. എല്ലാ മണ്ഡലങ്ങളിലും ഇടതുപക്ഷത്തിന്റെ വോട്ട് ഷെയറിൽ ഇടിച്ചിലുണ്ടായി. ജില്ലയിലെ സി.പി.എം പ്രതിസന്ധിയിലാണ്. പാർട്ടിക്കകത്ത് അസംതൃപ്തരുടെ എണ്ണം കൂടി. ഡെമാക്രാറ്റിക് മാർക്സിസ്റ്റ് ഫ്രണ്ട് (ഡി.എം.എഫ്) സംസ്ഥാനതലത്തിൽ സമാന ചിന്താഗതിക്കാരുമായി ചേർന്ന് പ്ലാറ്റ്ഫോം രൂപീകരിക്കും.

സി.എം.പിയുടെ സി.പി.ജോണുമായി ചർച്ച നടത്തി. ജി.സുധാകരൻ, കുഞ്ഞികൃഷ്ണൻ, ടി.കെ.ഗോവിന്ദൻ എന്നിവരുമായി ബന്ധപ്പെട്ടുവരുന്നു. പലരും സമീപിക്കുന്നുണ്ടെങ്കിലും ചിലരുമായി യോജിക്കാൻ പ്രയാസമുണ്ട്. ഇടത് നിലപാട് സ്വീകരിക്കുന്നവരുമായി ധാരണയുണ്ടാക്കും. പി.വി.അൻവർ ലെഫ്റ്റ് ആണെന്ന് തോന്നിയിട്ടില്ലെന്നും അത് അദ്ദേഹം ബോദ്ധ്യപ്പെടുത്തി തരണമെന്നും ശശി വ്യക്തമാക്കി. എം.സതീഷും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഡി.എം.എഫ് രാഷ്ട്രീയ നിലപാട് പ്രഖ്യാപനം 14 ന്

14ന് പാലക്കാട് ചേരുന്ന ജില്ലാ കൗൺസിൽ യോഗത്തിൽ ഡെമാക്രാറ്റിക് മാർക്സിസ്റ്റ് ഫ്രണ്ടിന്റെ(ഡി.എം.എഫ്) രാഷ്ട്രീയ നിലപാട് പ്രഖ്യാപിക്കുമെന്ന് പി.കെ.ശശി. ജില്ലാ കമ്മിറ്റിയും മണ്ഡലം, പഞ്ചായത്ത്, ബ്രാഞ്ച് കമ്മിറ്റികളും രൂപീകരിക്കാനാണ് തീരുമാനം. ജൂൺ മാസത്തോടെ ഇത് പൂർത്തിയാവും. പ്രത്യയശാസ്ത്ര രേഖ പൂർത്തിയായാൽ കൗൺസിൽ യോഗത്തിൽ അംഗീകരിക്കും. സംസ്ഥാനതലത്തിൽ സമാനചിന്താഗതിക്കാരുമായി ചേർന്ന് പ്ലാറ്റ്ഫോം രൂപീകരിക്കും. ഇതിന്റെ ഭാഗമായ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു. എം.വി.ഗോവിന്ദൻ ചുമതലയേറ്റതിനശേഷം പാർട്ടിക്ക് ഒരുരക്ഷയുമില്ല. ഗോവിന്ദനും വിജയരാഘവനും പാലക്കാട്ടെ ചിറ്റൂർകാരനും തുടർന്നാൽ വെയിലത്തിട്ട ഐസ് കട്ട പോലെ സി.പി.എം അലിഞ്ഞില്ലാതാവുന്ന അവസ്ഥ വരും. പത്തുവർഷം അധികാര തണലിൽ കള്ളുകച്ചവടവും സ്പിരിറ്റ് കച്ചവടവും നടത്തിയവർക്ക് ഇനി വരും നാളുകൾ സുഗമമാവില്ല. വൻ കൊള്ളയാണ് നടന്നിട്ടുള്ളതെന്നും ശശി ആരോപിച്ചു.

ആലോചന യോഗം 10 ന്

കടമ്പഴിപ്പുറം: വായില്ല്യാംകുന്ന് ഭഗവതി ക്ഷേത്രത്തിൽ നടന്ന ദേവപ്രശ്നത്തിൽ കണ്ടെത്തിയ ന്യൂനതകൾക്ക് പരിഹാരമായി കാല പഴക്കത്താൽ ജീർണ്ണിച്ച ക്ഷേത്രത്തിന്റെ പൂർണ്ണമായ നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചു നടപ്പാക്കുന്നതിനായി ഊരാള കുടുംബങ്ങളുടെ പ്രതിനിധികൾ, ഭക്തജനങ്ങൾ, ദേശ പൂരോൽസവക്കമ്മിറ്റി ഭാരവാഹികൾ എന്നിവരുടെ സംയുക്ത യോഗം 10 ന് രാവിലെ പത്തിന് ക്ഷേത്ര കല്ല്യാണ മണ്ഡപത്തിൽ നടക്കും.

അപേക്ഷ ക്ഷണിച്ചു

മലമ്പുഴ: വനിത ഐ.ടി.ഐയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കമ്മിറ്റി നടത്തുന്ന പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് കാലാവധി ആറുമാസം. താല്പര്യമുള്ളവർ മേയ് 16ന് വൈകിട്ട് നാലിനകം അപേക്ഷകൾ നൽകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 9496940274, 8089521397.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ശ്രീകൃഷ്ണപുരം യൂണിറ്റ് ഒരുക്കിയ ദാഹ ജലവിതരണ കൗണ്ടർ പഞ്ചായത്ത് പ്രസിഡന്റ് പി.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

വ്യാപാരികൾ ദാഹജല പന്തലൊരുക്കി

ശ്രീകൃഷ്ണപുരം: വേനലറുതിയിൽ ദാഹജലം ഒരുക്കി ശ്രീകൃഷ്ണപുരത്തെ വ്യാപാരികൾ. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ശ്രീകൃഷ്ണപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ ചന്തപ്പുര പുനത്തിൽ കോപ്ലക്സിനു സമീപത്താണ് ദാഹജല പന്തലൊരുക്കിയത്. കുടിവെള്ള വിതരണം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി. അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ.എൽ.ബേബി അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി പുനത്തിൽ ജയകൃഷ്ണൻ, വാർഡ് മെമ്പർ എം.കെ.ദ്വാരകനാഥൻ, ഈട്ടിക്കൽ ജോസ് എന്നിവർ സംസാരിച്ചു.

കാര്യക്ഷമമായ ജലസേചനം കൃഷിയിടങ്ങളിൽ എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാല ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

ശില്പശാല സംഘടിപ്പിച്ചു

ശ്രീകൃഷ്ണപുരം: പഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ 'കാര്യക്ഷമമായ ജല വിനിയോഗം കൃഷിയിടങ്ങളിൽ' എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് പി.അരവിന്ദാക്ഷൻ നിർവഹിച്ചു. വാർഡ് മെമ്പർ എം.കെ.ദ്വാരകനാഥൻ അദ്ധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ ഡോ.കെ.നിമിത പദ്ധതി വിശദീകരിച്ചു. മലമ്പുഴ അഗ്രികൾച്ചർ വർക്ക് ഷോപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എസ്. ബിനീഷ് ക്ലാസെടുത്തു.

കെ.എസ്.എസ്.പി.എ നിയോജക മണ്ഡലം കമ്മിറ്റി യോഗം ജില്ലാ പ്രസിഡന്റ് കെ.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

മെഡിസെപ് കുറ്റമറ്റ രീതിയിൽ നടപ്പാക്കണം

ശ്രീകൃഷ്ണപുരം: മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ജീവനക്കാർക്കും, സർവീസ് പെൻഷൻകാർക്കും ഉപകാരപ്രദമായ രീതിയിൽ അപാകതകൾ പരിഹരിച്ചു നടപ്പിലാക്കണമെന്ന് സംസ്ഥാനത്ത് അധികാരത്തിലേറുന്ന പുതിയ സർക്കാറിനോട് കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ (കെ.എസ്.എസ്.പി.എ) ഒറ്റപ്പാലം നിയോജക മണ്ഡലം കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് കെ.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് യു.കുഞ്ഞയമ്മു അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.ശിവദാസൻ, വി.ഉണ്ണികൃഷ്ണൻ, വി.മുരളീധരൻ, എസ്.മായ, എം.പി.ശ്രീദേവി, പി.ടി.തങ്കവേലു, പി.ഉണ്ണികൃഷ്ണൻ, പി.ആർ.മുരളി,എൻ. നാരായണൻ കുട്ടി, ഒ.ഗോപാലകൃഷ്ണൻ, കെ.വിജയരാഘവൻ, ആൻസൻ ജോൺ സംസാരിച്ചു.

കോങ്ങാട് തോട്ടശ്ശേരി ഗ്രന്ഥിക വായനശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വായനക്കളരി ഗ്രാമപഞ്ചായത്ത് അംഗം എസ്.പത്മജ ഉദ്ഘാടനം ചെയ്യുന്നു.

എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് ലിറ്റിൽ കൈറ്റ്സ് മെരിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു.

സർട്ടിഫിക്കറ്റ് വിതരണം നടത്തി

അലനല്ലൂർ: എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് ലിറ്റിൽ കൈറ്റ്സ് മെരിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ലിറ്റിൽ കൈറ്റ്സ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 2023-26 ബാച്ചിലെ 39 വിദ്യാർത്ഥികൾക്കാണ് എ ഗ്രേഡോടു കൂടിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. പ്രിൻസിപ്പൽ എസ്.പ്രതീഭ ഉദ്ഘാടനം ചെയ്തു. പ്രധാനാദ്ധ്യാപകൻ കെ.എ.അബ്ദു മനാഫ് അദ്ധ്യക്ഷത വഹിച്ചു. ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ എം.ജിജേഷ്, എ.സുനിത എന്നിവർ സംബന്ധിച്ചു.

■ സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കാൻ നിർദ്ദേശം

മഴക്കാലപൂർവ ശുചീകരണം ഊർജിതമാക്കി ജില്ലാ ഭരണകൂടം

പാലക്കാട്: മഴക്കാലത്തെ നേരിടാൻ ഒരുക്കങ്ങളുമായി പാലക്കാട് ജില്ലാ ഭരണകൂടം. ദുരന്തസാദ്ധ്യത പ്രദേശങ്ങളുടെ പുതുക്കിയ പട്ടിക തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ക്യാമ്പുകളുടെ പട്ടിക തയ്യാറാക്കി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാനും ജില്ലാ, താലൂക്കുതല കൺട്രോൾ റൂമുകൾ 24 മണിക്കൂർ പ്രവർത്തിക്കാനും തീരുമാനമായി.

സ്കൂൾ, ആശുപത്രി, മറ്റ് കെട്ടിടങ്ങൾ എന്നിവയുടെ ഫിറ്റ്നസ് ഉറപ്പാക്കണം. റവന്യൂവകുപ്പിനാണ് ഏകോപന ചുമതല. കാലവർഷം കനത്താൽ പൊലീസ് പട്രോളിംഗ് കർശനമാക്കും. വൈദ്യുതി വിതരണം തടസപ്പെടാതിരിക്കാൻ കെ.എസ്.ഇ.ബി ടാസ്ക് ഫോഴ്സ് രൂപീകരിക്കും. കൊതുകുകളുടെ ഉറവിടം നശിപ്പിക്കണം. കുളങ്ങൾ വൃത്തിയാക്കണം. നീർച്ചാലുകളുടെ തടസ്സങ്ങൾ നീക്കണം. തദ്ദേശതലത്തിൽ കൺട്രോൾ റൂം വേണം. പകർച്ചവ്യാധി തടയാൻ മാർഗരേഖ തയ്യാറാക്കാനും മരുന്നുകൾ ഉറപ്പാക്കാനും ആന്റിവെനം ലഭ്യമായ ആശുപത്രികളുടെ പട്ടിക തയ്യാറാക്കാനും നിർദേശം നൽകി.

കാലപ്പഴക്കം മൂലം അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് ആവശ്യമെങ്കിൽ സ്ഥലസന്ദർശനം നടത്തി ഉറപ്പാക്കണമെന്ന് പൊതുമരാമത്ത് വകുപ്പിന് നിർദേശം നൽകി. വെള്ളക്കെട്ടുകളും റോഡിലെ കുഴികളും ഒഴിവാക്കൽ, പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഓഡിറ്റ്, അപകട മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കൽ, പാതയോരങ്ങളിലെ മരങ്ങളുടെ കൊമ്പുകൾ മുറിക്കൽ എന്നിവയ്ക്ക് പൊതുമരാമത്ത് - ദേശീയപാത അതോറിറ്റി അധികൃതരെ ചുമതലപ്പെടുത്തി. ക്യാമ്പുകളിൽ കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാരം, വൈദ്യസഹായം എന്നിവ ഉറപ്പാക്കും. സൈക്കോ സോഷ്യൽ കെയർ സാമൂഹിക നീതി ആരോഗ്യവകുപ്പിന്റെ സംയുക്താഭിമുഖ്യത്തിൽ നൽകും. പാറമട കുളങ്ങൾക്ക് ചുറ്റും വേലി കെട്ടാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് നിർദേശം നൽകി. മഴ ഇടർന്നാൽ മലയോരത്ത് മണ്ണ് നീക്കൽ, കുളങ്ങളുടെ നിർമാണം എന്നിവ നിരോധിക്കും. പുഴയോരത്തെ വീടുകൾ സംരക്ഷിക്കാൻ മണൽചാക്ക്, ജിയോ ട്യൂബ് ഒരുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഇടപെടണം. സ്കൂളുകൾക്ക് സമീപത്തെ കുളങ്ങൾക്ക് സുരക്ഷാഭിത്തി ഒരുക്കും. സ്കൂൾ കെട്ടിടങ്ങൾക്കും ബസുകൾക്കും ഫിറ്റ്നസ് ഉറപ്പാക്കും. അഴുക്കുചാലുകളിലൂടെ പൈപ്പ് ലൈനുകളിലേക്ക് മാലിന്യം കലരുന്നില്ലെന്ന് ഉറപ്പാക്കും. വനത്തിനുള്ളിൽ വസിക്കുന്നവർക്ക് ഭക്ഷ്യസാധനങ്ങൾ ഉറപ്പാക്കാനും ക്യാമ്പുകൾ കണ്ടെത്താനും നിർദേശം നൽകി. രാസവളങ്ങൾ, കീടനാശിനികൾ എന്നിവ മഴ ശക്തമാകുന്നതിനുമുമ്പ് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റും. ഫാക്ടറികളിലെ ദുരന്ത സാധ്യത വിലയിരുത്താനും കാലവർഷം ശക്തമായാൽ വിനോദസഞ്ചാര മേഖലകളിലേക്ക് പ്രവേശനം നിയന്ത്രിക്കാനും നിർദേശം നൽകി.

മണ്ണാർക്കാട്ടെ വോട്ട് വിഹിതം

മണ്ണാർക്കാട്: പഞ്ചായത്തുതലത്തിൽ മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ മൂന്നുമുന്നണി സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ടുവിഹിതം.

1. അലനല്ലൂർ പഞ്ചായത്ത്: എൽ.ഡി.എഫ്-13802, യു.ഡി.എഫ്-21883, എൻ.ഡി.എ-1138.
2. കോട്ടോപ്പാടം പഞ്ചായത്ത്: എൽ.ഡി.എഫ്-11791, യു.ഡി.എഫ്-17753, എൻ.ഡി.എ-856.
3. കുമരംപുത്തൂർ പഞ്ചായത്ത്: എൽ.ഡി.എഫ്-9481, യു.ഡി.എഫ്-12430, എൻ.ഡി.എ-991.
4. മണ്ണാർക്കാട് നഗരസഭ: എൽ.ഡി.എഫ്-6983, യു.ഡി.എഫ്-11897, എൻ.ഡി.എ-1637.
5. തെങ്കര പഞ്ചായത്ത്: എൽ.ഡി.എഫ്-6772, യു.ഡി.എഫ്-8043, എൻ.ഡി.എ-1754.
6. അഗളി പഞ്ചായത്ത്: എൽ.ഡി.എഫ്- 8503, യു.ഡി.എഫ്-9153, എൻ.ഡി.എ-2160.
7. പുതൂർ പഞ്ചായത്ത്: എൽ.ഡി.എഫ്-2771, യു.ഡി.എഫ്-3550, എൻ.ഡി.എ-1266.
8. ഷോളയൂർ പഞ്ചായത്ത്: എൽ.ഡി.എഫ്-3903, യു.ഡി.എഫ്-4813, എൻ.ഡി.എ-753.

പെരുമുടിയൂരിൽ പാളം മുറിച്ചുകടക്കാതെ വിദ്യാർത്ഥികൾക്ക് ക്ലാസിലെത്താം

പാലക്കാട്: ഈ അദ്ധ്യയനവർഷം മുതൽ പട്ടാമ്പി, പെരുമുടിയൂർ ഗവ. ഓറിയന്റൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പാളം മുറിച്ചുകടക്കാതെ സ്കൂളിലെത്താം. പെരുമുടിയൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ പരിസരത്തേക്ക് പാളത്തിനടിയിലൂടെ നിർമ്മിക്കുന്ന പാതയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

സ്കൂളിലെ വിദ്യാർത്ഥികളുടെ നിരന്തര ആവശ്യത്തെ തുടർന്നാണ് റെയിൽവേ അടിപ്പാത നിർമ്മിക്കാൻ തീരുമാനിച്ചത്. ഷൊർണൂർ - കോഴിക്കോട് റെയിൽപ്പാളത്തോട് ചേർന്ന് മുതുതല പഞ്ചായത്തിലെ പെരുമുടിയൂർ ഗവ. ഓറിയന്റൽ ഹയർസെക്കൻഡറി സ്കൂളിലുള്ളവരാണ് വർഷങ്ങളായി ദുരിതമനുഭവിച്ചിരുന്നത്. കുട്ടികളുടെ ആവശ്യാർത്ഥം 95.36 ലക്ഷം രൂപ ചെലവിൽ റെയിൽവേയാണ് ഇവിടെ അടിപ്പാത നിർമ്മിക്കുന്നത്. 14 മീറ്റർ നീളത്തിലും 1.85 മീറ്റർ ഉയരത്തിലും 2.50 മീറ്റർ വീതിയിലുമാണ് പാത നിർമ്മിക്കുന്നത്. കോൺക്രീറ്റ് ബോക്സ് നിർമ്മിച്ച് പാളത്തിനടിവശം തുരന്ന് തള്ളിവെച്ചാണ് അടിപ്പാത നിർമ്മിച്ചത്. കഴിഞ്ഞ വേനൽക്കാലത്തുതന്നെ കോൺക്രീറ്റ് ബോക്സ് നിർമ്മാണം പൂർത്തിയായിരുന്നു. മഴക്കാലം വന്നതിനാൽ തുടർ നടപടി നടത്താനായില്ല. പാടത്ത് മഴവന്ന് വെള്ളം നിറഞ്ഞതും പിന്നീട് പാടത്ത് രണ്ടാംവിള നെൽകൃഷി ഇറക്കിയതും നിർമ്മാണ പ്രവൃത്തികൾക്ക് തടസമായി. ഏറെ ഉയരത്തിലുള്ള റെയിൽപ്പാത ബുദ്ധിമുട്ടി മുറിച്ചുകടന്നാണ് വിദ്യാർത്ഥികൾ സ്കൂളിൽ വന്നുപോയിരുന്നത്. കൊവിഡിന് ശേഷം പാളത്തിലേക്കും സ്റ്റേഷനുകളിലേക്കുമുള്ള അനധികൃത വഴികളെല്ലാം റെയിൽവേ അടച്ചിരുന്നു. ഇതിന്റെ ഭാഗമായി ഇവിടെയുള്ള പടികളും റെയിൽവേ ഇല്ലാതാക്കി. പിന്നീട് ചുറ്റിവളഞ്ഞാണ് കുട്ടികൾ സ്കൂളിലെത്തിയിരുന്നത്. മുമ്പ് മൂന്ന് വിദ്യാർത്ഥികൾ ഇവിടെ ട്രെയിൻതട്ടി മരിച്ചിട്ടുണ്ട്. നിലവിൽ അടിപ്പാത നിർമ്മാണം ഏറെക്കുറെ പൂർത്തിയായി. തേപ്പും പടവുകളും മറ്റുമാണ് ഇനി പൂർത്തിയാവാനുള്ളത്. ഈ അദ്ധ്യയനവർഷം മുതൽ തന്നെ അടിപ്പാത തുറന്നുനൽകുമെന്ന് റെയിൽവേ അധികൃതർ പറഞ്ഞു.

അപേക്ഷ ക്ഷണിച്ചു

പാലക്കാട്: സംസ്ഥാന കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2026 - 27 അദ്ധ്യയന വർഷത്തെ പഠനകിറ്റുകൾ വിതരണം ചെയ്യുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു.
സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ ഏഴാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭിക്കുക. അപേക്ഷാ ഫോമുകൾ പാലക്കാട് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾക്കൊപ്പം വിദ്യാർത്ഥി നിലവിൽ പഠിക്കുന്ന ക്ലാസ് ഏതെന്ന് വ്യക്തമാക്കുന്ന സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഫോൺ: 04912515765.

നോട്ടീസ്

മാർച്ച് 2007 വർഷത്തെ 355087 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് വീണ്ടെടുക്കാൻപറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.
ഷബീന. വൈ, W/o ഫൈസൽ
സൈറ്റ് നം. 90, റോസ് പാർക്ക് 5 സ്റ്റീറ്റ്
സൗത്ത് ഉക്കടം
കോയമ്പത്തൂർ- 641001

CHANGE OF NAME

I, Shaimabi Rafeek, Holder of Passport No. K3032061, do hereby change my name to **SHAIMABI K K**, residing at Cherubalakalam, Kundukad, Thonippadam, Vavulliapuram PO, Tarur -2, PIN - 678 543, Palakkad Dist., Kerala.

ബഹുമാനപ്പെട്ട കണ്ണൂർ കുടുംബക്കോടതി മുമ്പാകെ
OP No. 94/2026
O.P. No. 95/2026

മിലാൻ മാത്യു Rep by P A Holder ബീന മാത്യു } ഹരജിക്കാരി
ബിവിൻ വർഗ്ഗീസ്, S/o വർഗ്ഗീസ്, 36 വയസ്സ് ആയിക്കൽ ഹൗസ് പാലക്കയം പി ഒ, പാലക്കാട്-678591 (കല്ലിക്കോട് പോലീസ് സ്റ്റേഷൻ പരിധി) } എതിർകക്ഷി

ടി എതുകക്ഷിക്കെതിരെയുള്ള സമൻസ് കൽപ്പന പതിച്ച് നടത്താൻ കൽപ്പിച്ച് മേൽനമ്പ്രകേസുകൾ 26.05.2026 തീയ്യതി നിർത്തിയിരിക്കുന്നു.
ഹരജിക്കാരിഭാഗം അഡ്വക്കറ്റ്
കെ ഡി മാർട്ടിൻ (ഒപ്പ്)

■ സിംഗിൾ ലൈൻ ഫെൻസിംഗ് സ്ഥാപിച്ചുതുടങ്ങി

കച്ചേരിപ്പറമ്പ് ഭാഗത്ത് കാട്ടാന ശല്യം രൂക്ഷം

മണ്ണാർക്കാട്: കോട്ടോപ്പാടം തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷനു കീഴിലെ കച്ചേരിപ്പറമ്പ് ഭാഗത്ത് കാട്ടാനശല്യം വീണ്ടും വർദ്ധിച്ചു. രണ്ടാഴ്ചയായി എല്ലാദിവസവും ജനവാസമേഖലകളിലെ കൃഷിയിടങ്ങളിലേക്കും തോട്ടങ്ങളിലേക്കും കാട്ടാനകളെത്തുന്നത് പ്രദേശവാസികളേയും ആശങ്കയിലാക്കുകയാണ്.

സൗരോർജ്ജ തൂക്കുവേലി തകർത്തും പ്രതിരോധവേലി ഇല്ലാത്ത ഭാഗങ്ങളിലൂടെയുമാണ് കാട്ടാനകളെത്തുന്നത്. കാട്ടാനയിറക്കം തടയുന്നതിനായി പ്രതിരോധവേലി ഇല്ലാത്ത ഭാഗത്ത് വനംവകുപ്പിന്റെ നേതൃത്വത്തിൽ സിംഗിൾ ലൈൻ ഫെൻസിംഗ് സ്ഥാപിച്ചു തുടങ്ങി. സൈലന്റ് വാലി മേഖലയിൽ നിന്നെത്തുന്ന കാട്ടാനകൾ പാണക്കാടൻ മലയിലാണ് തങ്ങുന്നത്. ഇവിടെനിന്ന് കച്ചേരിപ്പറമ്പ് ഭാഗത്തേക്കിറങ്ങാൻ എളുപ്പവുമാണ്. നിലവിൽ, രണ്ടുസംഘങ്ങളിലായി നാല് കാട്ടാനകളാണ് സ്ഥിരമായി ഇറങ്ങുന്നതെന്ന് വനംവകുപ്പ് അധികൃതർ പറഞ്ഞു. കഴിഞ്ഞദിവസം പ്രദേശത്തെ താളിയിൽ ഇപ്പവിന്റെ കമുക് ഉൾപ്പടെയുള്ള കൃഷികൾ നശിപ്പിച്ചു. വിവരമറിയിച്ച പ്രകാരം വനംവകുപ്പ് ജീവനക്കാരെത്തി ആനകളെ തുരത്തുകയും ചെയ്തു. വനാതിർത്തിയോട് ചേർന്ന തോട്ടങ്ങളിലെ ചക്കയും മാങ്ങയും പഴുത്തുതുടങ്ങിയതോടെയാണ് കാട്ടാനകൾ സ്ഥിരമായി ഇറങ്ങുന്നതെന്ന് ഡെപ്യൂട്ടി റേഞ്ച് ഓഫീസർ സി.ഗിരീഷ് പറഞ്ഞു. അതിനാൽ ചക്കയും മാങ്ങയും നീക്കംചെയ്യാനായി നാട്ടുകാർക്ക് നിർദേശം നൽകി.

കാട്ടാനകൾ ഇറങ്ങുന്നത് തടയാനായി രാത്രിമുഴുവൻ വനംവകുപ്പ് ജീവനക്കാർ കാവൽ തുടരുന്നുണ്ട്. ജീവനക്കാർക്ക് പുറമെ മണ്ണാർക്കാട് ദ്രുതകർമസേനയുടെ സേവനവുമുണ്ട്. പ്രതിരോധവേലിയില്ലാത്ത ചോലക്കളം മുതൽ പുള്ളിച്ചിപ്പാറവരെ ഒരുകിലോമീറ്റർദൂരത്തിലാണ് സിംഗിൾ ലൈൻ ഫെൻസിംഗ് നിർമ്മിച്ചിട്ടുള്ളത്. ഒരുകിലോമീറ്റർകൂടി ഫെൻസിംഗ് നിർമിക്കാനുള്ള ശ്രമത്തിലാണ് അധികൃതർ.

പാലക്കാട് ഡിസ്ട്രിക്ട് പോസ്റ്റൽ, ടെലികോം & ബി.എസ്.എൻ.എൽ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ P-638, കരാള സ്ട്രീറ്റ്, കൊപ്പം, പാലക്കാട്-1

ഫയൽ നമ്പർ: 1/25/bsnl/ren
ടെണ്ടർ നമ്പർ: 1/26

ടെണ്ടർ നോട്ടീസ്

പാലക്കാട് ടൗണിൽ സ്ഥിതിചെയ്യുന്ന പാലക്കാട് ഡിസ്ട്രിക്ട് പോസ്റ്റൽ, ടെലികോം & ബി.എസ്.എൻ.എൽ എംപ്ലോയീസ് സഹകരണ സംഘത്തിന്